ഉണ്ടായതിനേക്കാൾ ശക്തമായിരിക്കുമെന്നും യു.എൻ. റിപ്പോർട്ടിൽ പ്രത്യേകം പറയുന്നുണ്ട്." തമിഴ്നാട്ടിലെ അനുഭവങ്ങൾ നമ്മൾ കണ്ടതാണ്. ഗവൺമെന്റ് ഇക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്നും മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഏപ്രിൽ 22-ന് പുറപ്പെടുവിച്ച ആദ്യഘട്ട കാലാവസ്ഥാ പ്രവചനത്തിൽ ഇന്ത്യയിൽ പൊതുവിൽ ദീർഘകാലാടിസ്ഥാനത്തിൽ ലഭിക്കേണ്ട ശരാശരി മഴയുടെ 93 ശതമാനമായിരിക്കും ലഭിക്കാൻ സാധ്യതയെന്നും പസഫിക്ക് മഹാസമുദ്രത്തിൽ താരതമ്യേന ശക്തി കുറഞ്ഞ എൽ-നിനോ അവസ്ഥ നിലനിൽക്കുന്നുവെന്നും അറിയിച്ചിരുന്നു. എൽ-നിനോ എന്നാൽ ലളിതമായ ഭാഷയിൽ പസഫിക്ക് മഹാ സമുദ്രത്തിന്റെ മധ്യഭാഗത്ത് രൂപപ്പെടുന്ന ചൂടേറിയ സമുദ്ര ജലപ്രവാഹത്തെയാണ് ഉദ്ദേശിക്കുന്നത്. ഏപ്രിൽ മാസത്തിൽ ലഭിച്ച പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ 26-5-2015-ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറായ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുകയും മുൻകരുതൽ എന്ന നിലയ്ക്ക് ഇതുമായി ബന്ധപ്പെട്ട് 26 തീരുമാനങ്ങളെടുക്കുകയും ചെയ്തു. ഓഗസ്റ്റ് മാസത്തിൽ ലഭിച്ച പ്രവചനത്തെ മുൻനിർത്തി കാലവർഷം സെപ്റ്റംബർ അവസാനം വരെ 26 ശതമാനം കുറവാണെന്ന വസ്തുത കൂടി പരിഗണിച്ചുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ നേരിടാൻ എട്ട് ഇന പ്രവൃത്തികൾ നടത്തിവരുന്നു. ഒരുവശത്ത് മഴ കൂടുതലുണ്ടാകും എന്ന മുന്നറിയിപ്പ് ലഭിക്കുമ്പോൾത്തന്നെ വരൾച്ചയെക്കുറിച്ചുള്ള മുന്നറിയിപ്പും ഉണ്ട്. ഈ കാര്യങ്ങൾ പ്രത്യേകമായി പരിശോധിച്ച് പഠിച്ച് ഗവൺമെന്റ് സ്വീകരിക്കേണ്ട മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

3. ബസ് അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

ശ്രീ. ഇ. പി. ജയരാജൻ: സർ, കഴിഞ്ഞ നവംബർ 23-ന് മലപ്പുറം ജില്ലയിലെ ഐക്കരപ്പടിയിൽ ഒരു വിവാഹപ്പാർട്ടിയുടെ വാഹനം ലോറിയുമായി കൂട്ടിയിടിച്ച് ഒരു പഞ്ചായത്തിലെ ഒരു പ്രദേശത്തെ ഇരുപതിലധികം ആളുകൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും മൂന്നുപേർ സ്വദേശികളായ അഞ്ച് പേർ മരണമടയുകയും ചെയ്ത ദുഃഖകരമായ സംഭവമുണ്ടായി. ഈ അപകടത്തിൽപ്പെട്ടവരെല്ലാം എടയന്നൂർ, പാലോട്, തിരൂർ പ്രദേശങ്ങളിലുള്ളവരാണ്. എടയന്നൂരിലെ പി. ദേവകി, കെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രവീന്ദ്രൻ, ഓമന എന്ന ശശികല, 13 വയസ് പ്രായമുള്ള എം.കെ. സൂര്യ എന്ന വിദ്യാർത്ഥിനി, 10 വയസ്സുകാരനായ എം. കെ. അതുൽ എന്നിവരാണ് മരണ മടഞ്ഞത്. മരണമടഞ്ഞവരുടെ കുടുംബത്തിന് ഡിസംബർ 3-ലെ ക്യാബിനറ്റ് തീരുമാനപ്രകാരം 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. മരണപ്പെട്ടവരെല്ലാം കുടുംബത്തിന്റെ ആശ്രയവും പ്രതീക്ഷയുമായിരുന്നു. അതുകൊണ്ട് 10 ലക്ഷം രൂപയെങ്കിലും ധനസഹായമായി നൽകണമെന്നാവശ്യപ്പെട്ടാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നത്. ധനസഹായം 5 ലക്ഷം രൂപയെങ്കിലുമായി വർദ്ധിപ്പിക്കണം. അതുപോലെ ഗുരുതരമായി പരിക്ക് പറ്റിയ 5 പേരുടെ സ്ഥിതി മരണപ്പെട്ടവരേക്കാൾ കഷ്ടത്തിലാണ്. എഴുന്നേറ്റ് നടക്കാനോ ഇനിയൊരു സാധാരണ ജീവിതം നയിക്കാനോ കഴിയാത്ത അവസ്ഥയിലാണ് അവർ. അവർക്കും ഇതുപോലുള്ള സാമ്പത്തിക സഹായം നൽകാൻ നടപടിയുണ്ടാകണം. പ്രസ്തുത അപകടത്തിൽ പരിക്കേറ്റ ശ്രീമതി അജിതയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യമായ ചികിത്സ കിട്ടാതെ വളരെ അപകടകരമായ നിലയിലായതിനെത്തുടർന്ന് മിംസ് ആശുപത്രിയിൽ ചികിത്സയിലാണ്. ചികിത്സയ്ക്കാവശ്യമായ തുക ഗവൺമെന്റ് നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെങ്കിലും അതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അതുകൊണ്ട് ആ ഉത്തരവ് പുറപ്പെടുവിക്കണം. അപകടത്തിൽ പരിക്കേറ്റ് കഴിയുന്നവരെയും ഇപ്പോൾ ചികിത്സയിലുള്ളവരെയും സഹായിക്കാനുള്ള നടപടിയുണ്ടാകണം. മറ്റൊന്ന്, ഈ കേസ് കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ്. കൊണ്ടോട്ടി പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിലും തുടർ നടപടി സ്വീകരിക്കുന്നതിലും കുറ്റകരമായ അനാസ്ഥയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. അപകടത്തിൽപ്പെട്ടവർ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ അനുകൂലമായ സമീപനം അവിടെനിന്നുണ്ടായില്ല. എഫ്.ഐ.ആർ-ന്റെ കോപ്പിയോ ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളോ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നൽകാൻ തയ്യാറായില്ല. നാടിനെയാകെ നടുക്കിയ ദുഃഖകരമായ ഒരു സംഭവമാണിത്. അതുകൊണ്ട് ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ കേസ് സംബന്ധിച്ച് പോലീസ് വളരെ താൽപ്പര്യത്തോടുകൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിയെ അറസ്റ്റ് ചെയ്യുകയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തിരുന്നു. കുറെ ദിവസങ്ങൾക്കുശേഷം കോടതിയിൽനിന്ന് ജാമ്യം വാങ്ങി. ആ കേസിന്റെ കാര്യത്തിൽ എല്ലാവിധത്തിലുള്ള നടപടികളുമുണ്ടാകും. ഇക്കാര്യത്തിൽ യാതൊരു

തരത്തിലുള്ള വീഴ്ചയും ഉണ്ടാവുകയില്ല എന്ന് വ്യക്തമാക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുപോലെ ആ അപകടത്തിൽ പരിക്ക് പറ്റിയ ചിലരുടെ അവസ്ഥ വളരെ കഷ്ടമാണ്. അവരുടെ ചികിത്സാ ചെലവ് ഗവൺമെന്റ് വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവരുടെ ചികിത്സാ ചെലവ് എത്രവരുമെന്ന് കണക്കാക്കി ഗവൺമെന്റിനെ അറിയിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിട്ടുണ്ട്. അറിയിച്ചാലുടൻതന്നെ ആ ചെലവ് ഗവൺമെന്റ് വഹിക്കുന്നതാണ്. മരിച്ചവർക്ക് രണ്ട് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതുപോലുള്ള അപകടങ്ങളുണ്ടാകുമ്പോൾ സാധാരണ സ്വീകരിക്കുന്ന നടപടിക്രമമാണ് ഇതിലും സ്വീകരിച്ചിട്ടുള്ളത്. അതിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കാം.

4. ചാലക്കുടി താലൂക്ക് ഓഫീസ് രൂപീകരണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, പുതിയതായി ചാലക്കുടി താലൂക്ക് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ട് രണ്ട് വർഷത്തോളം പിന്നിട്ടിട്ടും താലൂക്കടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട വിവിധ ഓഫീസുകൾ ഇനിയും അനുവദിക്കപ്പെട്ടിട്ടില്ല. ഡി.ഇ.ഒ. ഓഫീസ്, താലൂക്ക് വ്യവസായ ഓഫീസ്, സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്, ലീഗൽ മെട്രോളജി ഓഫീസ്, താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, സബ്കോടതി, വെറ്ററിനറി പോളിക്ലിനിക് തുടങ്ങി നിരവധി വകുപ്പുകളുടെ താലൂക്കുതല ഓഫീസുകൾ ചാലക്കുടി താലൂക്കിൽ അനുവദിച്ച് പ്രവർത്തനം ആരംഭിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ ചാലക്കുടിയിൽ താലൂക്ക് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. വ്യവസായ വകുപ്പിൽനിന്നും ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിന് അനുമതി നൽകിയ ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ് വക സ്ഥലം നടപടികളുടെ ഭാഗമായി ഇപ്പോൾ റവന്യൂ വകുപ്പിന്റെ കൈവശമാണ്. ടി സ്ഥലത്ത് ചാലക്കുടി താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് ചാലക്കുടി മുനിസിപ്പാലിറ്റി സമ്മതം അറിയിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് താലൂക്ക് ഓഫീസ് കെട്ടിടം പണിയുന്നതിനും ബാക്കി സ്ഥലം ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താലൂക്ക് രൂപീകരിക്കണമെന്നത് ചാലക്കുടി നിവാസികളുടെ ഒരു ചിരകാലാഭിലാഷമായിരുന്നു. താലൂക്ക് രൂപീകരിച്ചു. ഇപ്പോൾ താലൂക്ക് ഓഫീസിനുവേണ്ടി 5 കോടി രൂപയുടെ പ്രൊപ്പോസൽ

LIBRARY ARCHIVES Kerala Legislative Assembly